ഉത്തരത്തിന്റെ പകർപ്പ് (കൈയെഴുത്ത്: പൂർണ്ണമായ മറുപടി)

# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

26.10.2021 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3584

## ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. മമ്മിക്കുട്ടി : | ഡോ.ആർ.ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| (എ) ആശ്വാസകിരണം പദ്ധതി പ്രകാരം കിടപ്പ് രോഗികളെ പരിചരിക്കുന്നവർക്ക് നൽകിവരുന്ന ധനസഹായ പദ്ധതിയുടെ വിശദവിവരം നൽകാമോ; | (എ) തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം 2020-21 കാലയളവിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) ആശ്വാസകിരണം പദ്ധതി പ്രകാരം 2020-21 കാലയളവിൽ 114188 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലും നിലവിൽ എത്ര പേർക്ക് ധനസഹായം നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ; ധനസഹായം യഥാസമയം നൽകാൻ കഴിയാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ആശ്വാസകിരണം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 8199 ഗുണഭോക്താക്കൾക്കും, ഷൊർണ്ണൂർ മണ്ഡലത്തിൽ 667 ഗുണഭോക്താക്കൾക്കും നിലവിൽ ധനസഹായം നൽകി വരുന്നു. ടി ഗുണഭോക്താക്കൾക്ക് 2020 മെയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ഓഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലെ |

| | |
|---|---|
| | ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ